കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം26/2286/2017 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി

14-11-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പള്ളിക്കൽ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്
-
സംബന്ധിച്ച്

*****************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 22,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.26/2286/2017 തിയ്യതി: 14-11-2017

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22/08/2016 മുതൽ 25/09/2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

--------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

--------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 26-09-2017 മുതൽ 10-10-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ. സി.പി.അബ്ദുൽ സത്താർ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. മുഹമ്മദ് സലീം.ടി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ശംസിയ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീമതി.മിഥുന. പി | 01.04.2016 മുതൽ 31.03.2017 വരെ |

സെക്രട്ടറി

| | |
|---|---|
| 1.ശ്രീ.അശോകൻ. എ.സി | 01.04.2016 മുതൽ 19.11.16 (FN) വരെ |
| 2.ശ്രീ.ഉണ്ണി.കെ(ചാർജ്) | 19.11.2016(AN)മുതൽ 30.11.16(FN) വരെ |
| 3.ശ്രീ.സുബൈർ.സി.പി | 30.11.16(AN) മുതൽ 28.12.2016(FN) വരെ |
| 4.ശ്രീ.കെ.പി.അനിൽ | 28.12.2016(AN)മുതൽ 20.03.2017(FN) വരെ |
| 5.ശ്രീ.ഉണ്ണി.കെ(ചാർജ്) | 20.03.2017(AN)മുതൽ 31.03.2017 വരെ |

മറ്റു നിർവഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| 1.വെറ്ററിനറി സർജൻ | ഡോ.ജനീഷ. പി.അഹമ്മദ് | 01.04.2016 മുതൽ 31.03.2017 വരെ |
| 2.മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. സുരയ്യ.ഇ | 01.04.2016മുതൽ 31.03.2017 വരെ |
| 3.വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ഷൈജു.പി | 01.04.2016 മുതൽ 31.03.2017 വരെ |
| 4.ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ജാസ്മിൻ സി.ടി.പി | 01.04.2016 മുതൽ 08.09.2016(FN) വരെ |
| | ശ്രീമതി.സീന സൂസൻ.വി | 08.09.2016(AN)മുതൽ 31.03.2017 വരെ |
| 5.അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.ചാൾസ് റാഫി.എ | 01.04.2016മുതൽ 31.03.2017 വരെ |
| 6.ഹെഡ് മാസ്റ്റർ | ശ്രീ. ശ്രീവൽസൻ.സി | 01.04.2016 മുതൽ 31.03.2017 വരെ |
| 7.ഡയറി എക്സ്റ്റൻഷൻ ഓഫീസർ | രശ്മി .ആർ | 01.04.2016 മുതൽ 26.07.2016(FN)വരെ |
| | ഹംസ.വി.പി | 26.07.2016(AN)മുതൽ 31.03.2017 |

| | | |
|---|---|---|
| | | വരെ |
| 8.അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഉണ്ണി.കെ | 01.04.2016 മുതൽ<br>31.03.2017 വരെ |

ഉള്ളടക്കം



| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | പാർക്കിങ്ങ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് | 2-1 | |
| 13 | തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. | 2-2 | |
| 14 | വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ കൈവശക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-3 | |
| 15 | ഡി & ഒ ലൈസൻസ് - അപാകതകൾ | 2-4 | |
| 16 | തൊഴിൽ നികുതി ഈടാക്കേണ്ടതാണ് | 2-5 | |

| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
|---|---|---|---|
| 17 | ഗുണഭോക്തൃ സമിതികളുടെ ചെലവു കണക്കുകൾ ഫയലിൽ ലഭ്യമല്ല | 3-1 | |
| 18 | വാങ്ങാത്ത ഓട്ടോറിക്ഷക്ക് സബ്സിഡി നൽകി. | 3-2 | |
| 19 | എസ്.സി വിദ്യാർത്ഥികൾക്ക് വാങ്ങിയ സൈക്കിൾ പൂർണ്ണമായി വിതരണം ചെയ്തില്ല. | 3-3 | |
| 20 | എൻ.ആർ.ഇ. ജി.എ സ് മെറ്റീരിയൽസ് പ്രവൃത്തികളിലെ അപാകതകൾ | 3-4 | |
| 21 | സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 3-5 | |
| 22 | വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-6 | |
| 23 | ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കൽ | 3-7 | |
| 24 | ടാറിങ്ങ് പ്രവൃത്തികൾ : ബിൽ വിവരങ്ങൾ ലഭ്യമല്ല | 3-8 | |
| 25 | നിർവഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററുകളിലെ അപാകതകൾ | 3-9 | |
| 26 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതികളിലെ അപാകതകൾ | 3-10 | |
| 27 | ആസ്തികൾ പ്രയോജനപ്പെടുത്തുന്നില്ല | 3-11 | |
| 28 | ISO സർട്ടിഫിക്കേഷൻ പുതുക്കൽ പാഴ്ച്ചെലവായി | 3-12 | |
| 29 | ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതകൾ | 3-13 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 30 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് | 4-1 | |
| 31 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 32 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 33 | വായ്പ . വായ്പ തിരിച്ചടവ് | 4-4 | |
| 34 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 35 | ഓഡിറ്റ് റിക്കവറി | 4-6 | |
| 36 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |

| | | | |
|---|---|---|---|
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 39 | Audit Certificate | 1 | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 2 | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

.

2016-17ലെ ബജറ്റ് 4-03-2016ലെ 1/16 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31/07/2017 | 01/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 19-09-2017 മുതൽ 20-09-17 വരെ | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

വാർഷിക കണക്കും അനുബന്ധ രേഖകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു

1. മുൻവർഷ വാർഷിക കണക്ക് പ്രകാരം receivables for property tax on residential buildings എന്ന ശീർഷകത്തിലെ കുടിശ്ശിക ലൈബ്രറിസെസ് അടക്കം 505194 രൂപ മാത്രമാണ്. എന്നാൽ 16-17- ൽ ഈ ശീർഷകത്തിൽ 1674415 രൂപ പിരിവുണ്ട്. 1032611 രൂപ 16-17 വർഷാന്ത്യം വീണ്ടും കുടിശ്ശികയുമുണ്ട്.

2. 2015-16 വാർഷിക കണക്ക് പ്രകാരം receivables for property tax on non residential buildings എന്ന ശീർഷകത്തിൽ 16-17 ൽ പിരിക്കേണ്ട കുടിശ്ശികയില്ലെങ്കിലും 2016-17- ൽ 932583 രൂപ പിരിവുണ്ട്. കൂടാതെ 16-17 വർഷാന്ത്യം 2903145 രൂപ വീണ്ടും കുടിശ്ശികയുമുണ്ട്.

3. ഡിമാന്റ് രജിസ്റ്റർ പ്രകാരം 16-17 ലെ property tax on residential buildings ഡിമാന്റ് 2692031

രൂപയും property tax on non residential buildings ഡിമാന്റ് 3288989 രൂപയുമാണ്. വാർഷിക കണക്ക് പ്രകാരം property tax on residential buildings ശീർഷകത്തിൽ മാത്രം 123099870 രൂപ വരുമാനമുണ്ട്. എന്നാൽ property tax on non residential buildings ശീർഷകത്തിൽ വരുമാനമില്ല. property tax on non residential buildings ശീർഷകത്തിൽ വരവുമുണ്ട്.

4. പിരിച്ചെടുത്ത ലൈബ്രറിസെസിനു തുല്യമായ തുക State Govt. Levies/ cesses control account -ൽ നിന്നും മാറ്റിയിട്ടില്ല.

5. വികസന ഫണ്ട് ജനറൽ, വികസന ഫണ്ട് എസ്.സി.പി. എന്നിവയിലൊഴികെ ബാധ്യതയായി രേഖപ്പെടുത്തിയ ഗ്രാന്റ് തുകകളിൽ നിന്നും മൂലധന ചെലവുകളെ കാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്കും റവന്യൂ ചെലവുകളെ റവന്യൂ ഗ്രാന്റിലേക്കും മാറ്റിയിട്ടില്ല. അതിനാൽ ബാലൻസ് ഷീറ്റിലെ B4 പത്രികയിലെ ബാധ്യത കണക്കുകൾ വസ്തുതാപരമല്ല. വികസന ഫണ്ട് എസ്.സി.പി. ഗ്രാന്റിൽ ലഭ്യമായതിന്റെ ഇരട്ടി തുക കാപിറ്റൽ കോൺട്രിബ്യൂഷൻ ഹെഡിലേക്കും റവന്യൂ ഗ്രാന്റിലേക്കുമായി മാറ്റിയിട്ടുമുണ്ട്. അതിനാൽ ബാലൻസ് ഷീറ്റിലെ B4 പത്രികയിൽ ഈ ഹെഡിൽ നെഗറ്റീവ് സംഖ്യ ബാധ്യതയായി വന്നിട്ടുണ്ട്.

6. എൻ.ആർ.ഇ.ജി.എസ് വരുമാന/ചെലവ് കണക്കുകൾ പൊരുത്തപ്പെടുന്നില്ല. NREGA നീക്കിയിരിപ്പ് എ.എഫ്.എസ്. മായി പൊരുത്തപ്പെടുന്നില്ല.

7. നിർമ്മാണ പ്രവൃത്തികളിൽ നിന്നും ഈടാക്കി അടക്കുന്ന വാറ്റ്, ഐ.ടി., ക്ഷേമനിധി വിഹിതം എന്നിവ അക്കൗണ്ട് ചെയ്യുന്നില്ല.

8. ഫെസ്റ്റിവൽ അഡ്വാൻസ് ബി-18 പത്രകയിൽ 3000 മൈനസ് തുക രേഖപ്പടുത്തിയത് വസ്തുതാപരമല്ല.

9. ഗ്രാമപഞ്ചായത്തിന് 31.3.2017- ന് പള്ളിക്കൽ സർവീസ് സഹകരണ ബാങ്കിൽ 1801530 രൂപ സ്ഥിരം നിക്ഷേപമുണ്ട്. എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ 1641485 രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

10. ബാങ്ക് റക്കൺസിലിയേഷൻ പത്രികയിലെ അപാകതകൾ.

(i) ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ 31.3.2017 -ലെ ബാങ്ക് ബുക്ക് ബാലൻസ് എ.എഫ്.എസ് പ്രകാരം 12617776 രൂപയും റക്കൺസിലിയേഷൻ പത്രിക പ്രകാരം 12488416 രൂപയുമാണ്.

(ii) എസ്.എം.ജി.ബി കുടുംബശ്രീ അക്കൗണ്ടിൽ തൻവർഷം ക്രഡിറ്റ് ചെയ്ത പലിശ വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,31,44,403 |
| വരവ് | 5,94,20,105 |

| | |
|---|---|
| ആകെ | 8,25,64,508 |
| ചെലവ് | 5,00,20,793 |
| നീക്കിയിരിപ്പ് | 3,25,43,715 |

## 1-5 ഫണ്ട് വിനിയോഗം.

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി lapsed | ചെലവ് ശത മാനം | നീക്കി ബാക്കി (RP 40 b പ്രകാരം) |
|---|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 14205957 | 14205957 | 10299425 | 3906532 | 72.5 % | 0 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 7239729 | 7239729 | 4387291 | 2852438 | 60.6 % | 0 |
| വികസന ഫണ്ട് (ടി.എസ്.പി) | 0 | 50424 | 50424 | - | 50424 | - | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 8417472 | 8417472 | 1642881 | 6774591 | 19.5% | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 3915822 | 3915822 | 1515266 | 2400556 | 38.6% | 0 |
| 13 -ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7967685 | 7967685 | 4321354 | 3646331 | 45.7 % | 0 |
| പെർഫോർമൻസ് ഗ്രാന്റ് | 0 | 4226419 | 4226419 | 1373101 | 2853318 | 32.48 % | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| എം.എൻ.ആർ. ഇ.ജി.എസ് | 2173 | 31256095 | 31258268 | 31068844 | -- | 99.39 | 189424 |
| ബി ഫണ്ട് | 0 | 45938285 | 45938285 | 45938285 | - | 100 % | 0 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീ കാരം ലഭിച്ചത് | അടങ്കൽ | നടപ്പാക്കിയത് | ചെലവ ഴിച്ച തുക | ഭാഗിക മായി നടപ്പാക്കിയത് | നടപ്പാക്കാ ത്തവ | പൂർത്തീ കരിച്ച പദ്ധതി കളുടെ ശതമാനം |
|---|---|---|---|---|---|---|
| 213 | 84896144 | 29 | 37439996 | 64 | 120 | 13.62 |

# 1-7 തനത് വരുമാനം.

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമപഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം വർധന ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 9907049 | 14448611 | (+)4541562 | (+)45.84 % |
| നികുതിയേതര വരവുകൾ | 1579171 | 1013240 | (-)565931 | (-)35.83 % |
| മറ്റുവരവുകൾ | 562309 | 330736 | (-) 231573 | (-) 41.18 % |
| ആകെ | 12048529 | 15792587 | (+)3744058 | (+)31.07% |

# 1-8 ക്ഷേമപദ്ധതികൾ.

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 250680 | 153 |
| കർഷക തൊഴിലാളി പെൻഷൻ | 2910060 | 302 |
| വിധവാ പെൻഷൻ | 14553480 | 1317 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 23123990 | 2243 |
| വികലാംഗ പെൻഷൻ | 4724275 | 495 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിത പെൻഷൻ | 343800 | 28 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 27.09.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 1,62,415/-രൂപ ക്യാഷ് ബാലൻസ് ഉണ്ട്. (39 രൂപ അധികം)

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഗ്രാമപഞ്ചായത്തിലെ സാംഖ്യ, സഞ്ചയ രശീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ ശരിയായി പരിപാലിക്കുന്നില്ല.
2.ലൈബ്രറി രശീതികളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.
3.ഗ്രാമപഞ്ചായത്തിൽ വാടക സംബന്ധിച്ച ബൈലോ തയ്യാറാക്കിയിട്ടില്ല.

4.ആസ്തി രജിസ്റ്റർ തൻവർഷം ചെയ്ത മരാമത്ത് പ്രവൃത്തികളിലൂടെ ആർജ്ജിച്ചവയും, ഗ്രാമ പഞ്ചായത്തിന് വിട്ടു കിട്ടിയ സ്ഥാപനങ്ങളിലെ പുതിയ വാങ്ങലുകളും ഉൾപ്പെടെ, എല്ലാ ആസ്തികളും ഉൾപ്പെടുത്തി കാലികമാക്കേണ്ടതാണ്.

5.സാധന സാമഗ്രികൾ വാങ്ങിയാൽ ബില്ലിൽ എണ്ണം, ഗുണമേന്മ എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം, സ്റ്റോക്കിലെടുത്ത വിവരം, അനുവദിച്ച തുക എന്നിവ സംബന്ധിച്ച സാക്ഷ്യപത്രം രേഖപ്പെടുത്തണമെന്ന സ്റ്റോർ പർച്ചേസ് മാനുവൽ നിർദ്ദേശം പാലിക്കപ്പെടുന്നില്ല.

6പഞ്ചായത്തിന്റെ വെബ്സൈറ്റിൽ ബജറ്റ്, ഗുണഭോക്തൃ ലിസ്റ്റ് തുടങ്ങി നിയമാനുസൃതം പരസ്യപ്പെടുത്തേണ്ട എല്ലാ വിവരങ്ങളും ചേർത്തിട്ടില്ല. വെബ്സൈറ്റിൽ ചേർക്കുന്ന വിവരങ്ങൾ എല്ലാവർക്കും കാണുവാൻ കഴിയുന്ന ഫോർമാറ്റിലായിരിക്കണമെന്ന നിർദ്ദേശവും പാലിക്കേണ്ടതാണ്.

7. നിർവഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിനു നല്കുന്ന Annexure-C-VIII-ലുള്ള പ്രതിമാസ ചെലവു പത്രികയുടെ റിമാർക്സിൽ ലഭിക്കുവാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില പഞ്ചായത്തിനെ അറിയിക്കേണ്ടതും, പഞ്ചായത്ത് ബാലൻസ് ഷീറ്റിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടതുമാണ്.

8. പഞ്ചായത്തിനു കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലടക്കം എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ സൂക്ഷിക്കണമെന്ന നിർദ്ദേശം പാലിക്കേണ്ടതാണ്.

9. ടി സ്ഥാപനങ്ങളിലെല്ലാം സ്ഥലംമാറ്റമടക്കമുള്ള സന്ദർഭങ്ങളിൽ ചുമതലാ കൈമാറ്റം നടക്കുമ്പോൾ അക്കാര്യം ബന്ധപ്പെട്ട രജിസ്റ്ററുകളിലും ഫയലുകളിലും രേഖപ്പെടുത്തുകയും നിയമാനുസൃതം കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. വി.ഇ.ഒ, അസി. എഞ്ചിനിയർ തുടങ്ങിയവർ ഇപ്രകാരം ചെയ്യാത്തതായി ഓഡിറ്റ് വേളയിൽ ശ്രദ്ധയിൽ പെടുകയുണ്ടായി.

10. മരാമത്ത് പ്രവൃത്തികൾക്ക് ആവശ്യമായ അളവു പുസ്തകങ്ങൾ സെക്രട്ടറിയാണ് വിതരണം ചെയ്യുന്നതെങ്കിലും, അക്കാര്യം അളവു പുസ്തകങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്നില്ല. വാങ്ങിയ

അളവ് പുസ്തകങ്ങൾ നമ്പരിട്ട് സ്റ്റോക്കിലെടുത്ത ശേഷം, ആയവ ആർക്കെല്ലാം വിതരണം ചെയ്യുന്നുവെന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്യേണ്ടതാണ്. അളവ് പുസ്തകങ്ങളുടെ ആദ്യ പേജ്, 3-ാം പേജ് എന്നിവയിൽ സെക്രട്ടറി ഒപ്പ് വയ്ക്കേണ്ടതുമാണ്.

11. സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ, ട്യൂട്ടോറിയൽ രജിസ്ട്രേഷൻ, ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ തുടങ്ങിയ വ്യത്യസ്ത വരവിനങ്ങൾക്കായി അതാതിനു നിർണ്ണയിച്ച് അംഗീകരിച്ച രജിസ്റ്ററുകൾ തന്നെ ഉപയോഗിക്കേണ്ടതാണ്.

12. പരസ്യ നികുതി, വാടകക്കെട്ടിടങ്ങൾ കേന്ദ്രീകരിച്ചുള്ള ബിസിനസുകാരുടെ തൊഴിൽ നികുതി തുടങ്ങിയ വരവിനങ്ങളിലൂടെ തനതു വരുമാനം വർദ്ധിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഖണ്ഡിക നമ്പർ 3-9, 3-10 എന്നിവ കൂടി കാണുക.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.07.2017 | 1.04.2017മുതൽ 30.6.2017വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.05.2001 to 02-06-2001 | 1997-98 മുതൽ 1999-2000വരെ | 18.07.2001 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പാർക്കിങ്ങ് കേന്ദ്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് ആക്ട് 227, 228, 225 എന്നീ വകുപ്പുകൾ, 1995 ലെ കേരള പഞ്ചായത്ത് രാജ് (ഇറക്കുമതി സ്ഥലങ്ങൾ, വിരാമ സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ മറ്റു വാഹന സ്റ്റാന്റുകൾ) ചട്ടങ്ങൾ എന്നിവ പ്രകാരം പൊതുവായതും സ്വകാര്യ ഉടമസ്ഥതയിലും ഉള്ള സ്റ്റാന്റുകളും പാർക്കിംഗ് കേന്ദ്രങ്ങളും സ്ഥാപിക്കുന്നതിനും പരിപാലിക്കുന്നതിനും വ്യവസ്ഥകൾ നിർദ്ദേശിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന കാലിക്കറ്റ് എയർ പോർട്ടിലെ വാഹന പാർക്കിംഗ് കേന്ദ്രത്തിൽ നിയമങ്ങളും ചട്ടങ്ങളും നിഷ്കർഷിക്കുന്ന സൗകര്യങ്ങളും ഫീസ് നിരക്കുകളും പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം 9)
കാലിക്കറ്റ് എയർപോർട്ട് കാർഗോ കോംപ്ലക്സിന് സമീപം അനുവദിച്ച ഓട്ടോ സ്റ്റാന്റിൽ നിന്ന് 2016-17 വർഷത്തിൽ 7,300/- രൂപ വരവ് വന്നിട്ടുണ്ട് എന്നും കാലിക്കറ്റ് എയർപോർട്ട് വാഹന പാർക്കിങ്ങ് കേന്ദ്രത്തിൽ നിന്ന് പഞ്ചായത്തിന് നിലവിൽ വരുമാനമൊന്നും ലഭിക്കുന്നില്ല എന്നും ഇത് സംബന്ധിച്ച് എയർപോർട്ട് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും മറുപടി ലഭിച്ചിട്ടില്ല എന്നും ഓഡിറ്റ് എൻക്വയറി നമ്പർ (9) നു മറുപടിയായി അറിയിച്ചിട്ടുണ്ട്.

## 2-2 തൊഴിൽ നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

താഴെ കൊടുത്തിട്ടുള്ള സ്ഥാപനങ്ങൾ തൊഴിൽനികുതി അടവാക്കിയിട്ടില്ല.

1.എയർ ഇന്ത്യ (2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

2.കെ എസ് ഇ ബി ട്രാൻസ്മിഷൻ സർക്കിൾ – (2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

3. ഷറഫ് കാർഗോ പ്രൈവറ്റ് ലിമിറ്റഡ് (2ാം അർദ്ധ വർഷത്തെ ജിവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി)

4.പ്ളാന്റ് ക്വാറന്റൈൻ സ്റ്റേഷൻ (2ാം അർദ്ധ വർഷത്തെ ജിവനക്കാരുടെ തൊഴിൽനികുതി)

5.ബി എസ് എൻ എൽ -(2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

6. എയർ ഇന്ത്യ എയർ ട്രാൻസ്പോർട്ട് സർവീസ് ലിമിറ്റഡ്. (1ാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി)

7.എയർ വർക്സ് ഇന്ത്യ എൻജിനീയറിങ്ങ് പ്രൈവറ്റ് ലിമിറ്റഡ് (2ാം അർദ്ധ വർഷത്തെ ജിവനക്കാരുടെ തൊഴിൽനികുതി, സ്ഥാപന തൊഴിൽനികുതി)

8.മെഡിഫ്ളോറ ഹെർബൽ സൊല്യൂഷൻസ് (2അർദ്ധ വർഷങ്ങളിലെയും സ്ഥാപന തൊഴിൽനികുതി)

9.ഘാജാ നിവാസ് ആയുർവേദിക് സെന്റർ (1ാം അർദ്ധ വർഷത്തെ സ്ഥാപന തൊഴിൽനികുതി)

തൊഴിൽനികുതി അടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 12)

2. തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഫ്ളമിങ്ങോ ഡ്യൂട്ടി ഫ്രീ ഷോപ്പ്(കാലിക്കറ്റ് എയർ പോർട്ട്) എന്ന സ്ഥാപനത്തിൽ 20 ജീവനക്കാരും, കാലിഫർ ഫുട്ട് കെയർ ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്(കാക്കഞ്ചേരി) എന്ന സ്ഥാപനത്തിൽ 49 ജീവനക്കാരും, മാർഗോസാ ഷൂസ് പ്രൈവറ്റ് ലിമിറ്റഡ്(അരക്കിണർ) 10ജീവനക്കാരും ജോലി ചെയ്യുന്നുണ്ട് എന്ന് ടി സ്ഥാപനങ്ങളുടെ ഡി&ഒ ലൈസൻസ് അപേക്ഷകളിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ടി സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല.തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 വാടകക്ക് നൽകിയ കെട്ടിടങ്ങളുടെ കൈവശക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

1996ലെ കേരള പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം-13 പ്രകാരം സെക്രട്ടറിക്ക് ഓരോ കെട്ടിട ഉടമയോടും തങ്ങൾ വാടകക്ക് നൽകിയ കെട്ടിടം ഏത് ഉപയോഗത്തിനാണ് വാടകക്ക് നൽകിയിട്ടുള്ളത് എന്നും കൈവശക്കാരൻ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കാൻ ബാധ്യസ്ഥരാണോയെന്നും ആവശ്യപ്പെടാവുന്നതാണെന്ന വ്യവസ്ഥയുണ്ട്. ഇത്തരത്തിൽ എല്ലാ വാടക കെട്ടിട ഉടമയോടും വിവരം ആരാഞ്ഞ് തൊഴിൽ നികുതി ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ

എന്നറിയിക്കേണ്ടതാണ്.

## 2-4 ഡി & ഒ ലൈസൻസ് - അപാകതകൾ

1). ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

2016-17 സാമ്പത്തിക വർഷത്തിൽ 354 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലിസ്റ്റ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ, എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ട് എന്ന് ഉറപ്പാക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഡി & ഒ ലൈസൻസ് എടുക്കേണ്ട എല്ലാ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2).റേഷൻ കടകൾക്ക് ലൈസൻസ് അനുവദിക്കേണ്ടതാണ്.

പഞ്ചായത്ത് പരിധിയിൽ 12 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാ റേഷൻ കടകൾക്കും ലൈസൻസ് അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗുണഭോക്തൃ സമിതികളുടെ ചെലവു കണക്കുകൾ ഫയലിൽ ലഭ്യമല്ല.

2016-17 വർഷം അസിസ്റ്റന്റ് എഞ്ചിനിയർ നിർവഹണം നടത്തുന്നതിനായി 123 പ്രൊജക്ടുകളാണ് തയ്യാറാക്കിയിരുന്നത്. അതിൽ 29 (24%) എണ്ണത്തിന്, ഭാഗിക ബില്ലടക്കം, ചെലവുണ്ടായിട്ടുണ്ട്. ഇതിൽ 2 എണ്ണമൊഴികെയുള്ളതെല്ലാം ഗുണഭോക്തൃ സമിതികൾ വഴിയാണ് നടപ്പാക്കിയിട്ടുള്ളത്. എന്നാൽ ഗുണഭോക്തൃ സമിതികളുടെ താഴെ പറയുന്ന രേഖകൾ ഫയലിൽ കാണുന്നില്ല.

1) ഗുണഭോക്തൃ സമിതിയുടെ പേരിൽ അക്കൗണ്ട് തുടങ്ങിയ രേഖകൾ കാണുന്നുണ്ടെങ്കിലും, ടി അക്കൗണ്ടിലൂടെ പ്രൊജക്ടുമായി ബന്ധപ്പെട്ട വരവു ചെലവുകൾ നടത്തിയതിന്റെ രേഖപ്പെടുത്തലുകൾ കാണുന്നില്ല.

2) പ്രവൃത്തികൾക്കായി സാധനസാമഗ്രികൾ വാങ്ങിയതിന്റെ വാണിജ്യ നികുതി വകുപ്പ് അംഗീകരിച്ച ബില്ലുകൾ ഫയലിൽ ഇല്ല. കരിങ്കല്ല്, മെറ്റൽ, ചെങ്കല്ല്, മണൽ, ക്വാറി മക്ക് എന്നിവ വാങ്ങിയതിന് വെള്ളക്കടലാസിലുള്ള കൈപ്പറ്റ് രസീതികൾ മാത്രമാണുള്ളത്.

അപാകതൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറി നം. 5/4-10-17 ന് ലഭ്യമാക്കിയ മറുപടിയിൽ, ഗുണഭോക്തൃ സമിതിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രഷറിയിൽ നിന്നും നേരിട്ട് തുക മാറ്റിക്കൊടുക്കുന്നതിനാലാണ് പാസ് ബുക്കിന്റെ കോപ്പി വാങ്ങാത്തതെന്ന മറുപടിയാണ് നല്കിയത്. അതുപോലെ, നിർമ്മാണ വസ്തുക്കൾ പ്രാദേശിക ക്വാറികളിൽ നിന്നുമാണ് കൺവീനർമാർ വാങ്ങുന്നതെന്നതിനാലാണ് നിയമാനുസൃത ബില്ലുകൾ കിട്ടാത്തതെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ, ഗുണഭോക്തൃ സമിതിയുടെ വരവു ചെലവു കണക്കുകൾ ബാങ്ക് അക്കൗണ്ടിലൂടെ ആയിരിക്കണമെന്നും, അവയും,

നിയമാനുസൃത ബില്ലുകൾ പ്രകാരമുള്ള യഥാർത്ഥ വരവു ചെലവു കണക്കുകളും നിർവഹണ ഉദ്യോഗസ്ഥൻ പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രമേ സമിതിക്കു തുക അനുവദിക്കാവൂ എന്നും കരാറിലും സർക്കാറിന്റെ എല്ലാ മാർഗരേഖകളിലും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അപ്രകാരമല്ലാതെ തുക അനുവദിച്ചത് ക്രമത്തിലല്ല.
ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 വാങ്ങാത്ത ഓട്ടോറിക്ഷക്ക് സബ്സിഡി നൽകി.

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി. യുവാക്കൾക്ക് ഓട്ടോറിക്ഷാ വിതരണം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന്നായി ട്രഷറി ബിൽ നമ്പർ 8/31.3.17 പ്രകാരം 600000 രൂപയും ട്രഷറി ബിൽ നമ്പർ 9/31.3.17 പ്രകാരം 150000 രൂപയും ചെലവഴിച്ചിട്ടുണ്ട്. 15 ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള സബ്സിഡി തുകയായ ഇതിൽ 650000 രൂപ ജി.കെ. മോട്ടോർസ് കൊണ്ടോട്ടി എന്ന സ്ഥാപനത്തിന്നും 100000 രൂപ ക്ലാസ്സിക് മോട്ടോർസ്, ചുങ്കം എന്ന സ്ഥാപനത്തിനനുമാണ് നൽകിയത്. ഓട്ടോറിക്ഷ വാങ്ങുന്നതിനു മുമ്പുതന്നെ തുക മുഴുവൻ ഡീലർമാർക്ക് നൽകിയിട്ടുണ്ട്. ഇത് ക്രമപ്രകാരമല്ല. ശ്രീധരൻ, പൂള്ളിശ്ശേരിമാട്ടിൽ എന്ന ഗുണഭോക്താവ് ഇത്വരെ ഓട്ടോറിക്ഷ വാങ്ങിയിട്ടില്ലാത്തതിനാൽ 50000 രൂപ പൊതുപണം ജി.കെ. മോട്ടോർസ് കൊണ്ടോട്ടി എന്ന സ്ഥാപനം അനധികൃതമായി കൈവശം വെച്ചിരിക്കുകയാണെന്നു ഓഡിറ്റ് എൻക്വയറി നമ്പർ 19/9.10.17 നു നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ നിന്നു വ്യക്തമാണ്. പൊതുപണം കൈകാര്യം ചെയ്യുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുണ്ടായ വീഴ്ച മൂലമാണ് ഇത് സംഭവിച്ചത്. തുക പലിശ സഹിതം സ്ഥാപനത്തിൽനിന്നും ഈടാക്കി വിവരം റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം ഇത് നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 എസ്.സി വിദ്യാർത്ഥികൾക്ക് വാങ്ങിയ സൈക്കിൾ പൂർണ്ണമായി വിതരണം ചെയ്തില്ല.

അസ്സിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിന്നായി ട്രഷറി ബിൽ നമ്പർ 7/31.3.17 പ്രകാരം 282375 രൂപ ചെലവഴിച്ചിട്ടുണ്ട്. സഫാരി സൈക്കിൾസ് എന്ന സ്ഥാപനത്തിൽ നിന്നാണ് സൈക്കിൾ വാങ്ങിയത്. ഓഡിറ്റ് എൻക്വയറി നമ്പർ 19/9.10.17 നൽകിയെങ്കിലും സൈക്കിൾ വാങ്ങിയതിന്റെ ഇൻവോയിസ് ഹാജരാക്കിയിട്ടില്ല. 33 ബോയ്സ് സൈക്കിളുകളും 30 ഗേൾസ് സൈക്കിളുകളും നൽകിയതിന്റെ വില കൈപ്പറ്റിയതിന് സഫാരി സൈക്കിൾസ് മലപ്പുറം നൽകിയ കൈപ്പറ്റും 62 സൈക്കിളുകൾ വിദ്യാർത്ഥികൾക്ക് നൽകിയതിന്റെ രേഖകളും മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയത്. വിതരണം ചെയ്യാത്ത ഒരു ബോയ്സ് സൈക്കിൾ ലൈബ്രറിക്കകത്ത് സൂക്ഷിച്ചിട്ടുണ്ട്. 4475 രൂപ വിലയുള്ള ഇത് ഉടൻ വിതരണം ചെയ്ത് വിവരം റെക്റ്റിഫിക്കേഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. 4475 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-4 എൻ.ആർ.ഇ. ജി.എ സ് മെറ്റീരിയൽസ് പ്രവൃത്തികളിലെ

## അപാകതകൾ

2016-17-ൽ മെറ്റീരിയൽസ് ഉപയോഗിച്ചുള്ള 8 പ്രവൃത്തികൾ എൻ.ആർ.ഇ.ജി.എസിൽ നിർവ്വഹിച്ചിട്ടുണ്ട്. ചെയ്ത പ്രവൃത്തികൾ സംബന്ധിച്ച് എം. ബുക്ക് പ്രകാരമുള്ള വിവരങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | എം. ബുക്ക് | ആകെ മൂല്യം | മെറ്റീരിയൽസ് മൂല്യം |
|---|---|---|---|---|
| 1 | മഞ്ഞറോഡ് ആനണ്ടി റോഡ് കോൺക്രീറ്റ് | 81/16-17 | 288581 | 233904 |
| 2. | പണിക്കാറത്ത് എസ്.സി കോളനി റോഡ് കോൺക്രീറ്റ് | 83/16-17 | 291764 | 237346 |
| 3 | കൂട്ടാലുങ്ങൽ കക്കിടിപ്പറമ്പ് റോഡ് കോൺക്രീറ്റ് | 78/16-17 | 281910 | 229171 |
| 4 | അധികാരത്തിൽ അംഗൻവാടി റോഡ് കോൺക്രീറ്റ് | 79/16-17 | 286641 | 233903 |
| 5 | ഇല്ലിക്കൽ ചിറക്കാണി റോഡ് കോൺക്രീറ്റ് | 82/16-17 | 287841 | 233903 |
| 6 | യു.കെ.സി. വാളഞ്ചിറ റോഡ് കോൺക്രീറ്റ് | 76/16-17 | 290901 | 236963 |
| 7 | കൊയപ്പതൊടി കൃഷിഭവൻ റോഡ് കോൺക്രീറ്റ് | 80/16-17 | 277761 | 233903 |
| 8 | പൂക്കത്ത് ഫുട്പാത്ത് കോൺക്രീറ്റ് | 77/16-17 | 291686 | 240388 |
| | ആകെ | | | 1879481 |

ഓരോ പ്രവൃത്തികൾക്കും മേറ്റ് സൂക്ഷിക്കേണ്ട മെറ്റീരിയൽസ് സ്റ്റോക് റജിസ്റ്റർ (അനുബന്ധം VI ), ഉപയോഗിച്ച മെറ്റീരിയൽസ് സംബന്ധിച്ച ഓവർസിയറുടെ റിപ്പോർട്ട് എന്നിവ ഓഡിറ്റ് എൻക്വയറി നമ്പർ 1/3.10.16 -നുള്ള മറുപടിയോടൊപ്പം ഹാജരാക്കി. ഇത് പ്രകാരം ഓരോ പ്രവൃത്തിക്കും ഉപയോഗിച്ച മെറ്റീരിയൽസിന്റെ കണക്ക് താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തികളുടെ പേര് | Quarry muck m3 | 40mm stone m3 | 20mm stone m3 | 10mm stone m3 | M sand m3 | Cement tonne | Vibrator / mixer (in days) |
|---|---|---|---|---|---|---|---|---|
| 1 | മഞ്ഞറോഡ് ആനണ്ടി റോഡ് കോൺക്രീറ്റ് | nil | 19.5 | 22.28 | 4.95 | 24.11 | 12.3 | nil |
| 2. | പണിക്കാറത്ത് എസ്.സി കോളനി | 4.5 | 19.5 | 22.28 | 4.95 | 24.11 | 12.3 | nil |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റ് | | | | | | | |
| 3 | കുട്ടാലുങ്ങൽ കക്കിടിപ്പുറമ്പ് റോഡ് കോൺക്രീറ്റ് | Nil | 19.11 | 21.83 | 4.85 | 23.63 | 12.05 | 3.6 |
| 4 | അധികാരത്തിൽ അംഗൻവാടി റോഡ് കോൺക്രീറ്റ് | nil | 19.5 | 22.28 | 4.95 | 24.11 | 12.3 | nil |
| 5 | ഇല്ലിക്കൽ ചിറക്കാണി റോഡ് കോൺക്രീറ്റ് | nil | 19.5 | 22.28 | 4.95 | 24.11 | 12.3 | Nil |
| 6 | യു.കെ.സി. വാളഞ്ചിറ റോഡ് കോൺക്രീറ്റ് | 4.0 | 19.5 | 22.28 | 4.95 | 24.11 | 12.3 | 3.68 |
| 7 | കൊയപ്പതൊടി കൃഷിഭവൻ റോഡ് കോൺക്രീറ്റ് | nil | 19.5 | 22.28 | 4.95 | 24.11 | 12.3 | nil |
| 8 | പൂക്കുത്ത് ഫുട്പാത്ത് കോൺക്രീറ്റ് | 9.0 | 19.47 | 22.24 | 4.94 | 24.07 | 12.3 | Nil |
| | ആകെ | 17.5 | 155.58 | 177.75 | 39.49 | 192.36 | 98.15 | 7.28 |

വൈബ്രേറ്റർ, മിക്സർ എന്നിവ ഉപയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ വർക്ക് ഫയലിൽ ലഭ്യമല്ല. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പമാണ് ഇത് ഹാജരാക്കിയത്. പ്രവൃത്തികൾക്കു ആവശ്യമായ മെറ്റീരിയൽസ്, വൈബ്രേറ്റർ, മിക്സർ എന്നിവ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് എസ്റ്റിമേറ്റ് നിരക്കിൽ മുഹമ്മദ് ഷാഫി. പി. എന്നയാളാണ് സപ്ലൈ ചെയ്തത്. ആകെ ഉപയോഗിച്ച മെറ്റീരിയൽസിന് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള വില താഴെ ചേർക്കുന്നു

| ഇനം | ഉപയോഗിച്ച അളവ് എം3/ടൺ | ഷെഡ്യൂൾ നിരക്ക് | ആകെ വില |
|---|---|---|---|
| ക്വാറി മക്ക് | 17.5 | 757.5 | 13256.25 |
| 40 mm stone | 155.58 | 1450 | 225591 |
| 20 mm stone | 177.75 | 1606 | 285466.5 |
| 10 mm stone | 39.49 | 1573 | 62117.77 |
| എം സാന്റ് | 192.36 | 2086 | 401262.96 |
| സിമെന്റ് | 98.15 ടൺ | 8000 | 785200 |
| വൈബ്രേറ്റർ (വാടക) | 29.32ദിവസം | 909 | 26651.88 |
| മിക്സർ (വാടക) | 29.32 ദിവസം | 1955 | 57320.6 |
| കോൺട്രാക്ടർക്ക് നൽകേണ്ടത് | | | 1856866.96 |

ഗ്രാമപഞ്ചായത്ത് ഹാജരാക്കിയ FTO Transaction Details പ്രകാരവും എം.ബുക്ക് പ്രകാരവും കോൺട്രാക്റ്റർക്ക് 1879481 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/7.10.16 -ന്റെ അടിസ്ഥാനത്തിൽ അധികം നൽകിയ തുക കണക്കാക്കി 22692 രൂപ 10.10.2017 -ലെ 117040105411 നമ്പർ വൗച്ചർ പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുണ്ട്.

പ്രവൃത്തികളിൽ ഉപയോഗിച്ച ക്വാറി ഉൽപന്നങ്ങളുടെ ആകെ വില 987691 രൂപയുണ്ട്. ഇത്രയും സാധനങ്ങൾ സപ്ലൈ ചെയ്തതിന് ഇൻവോയിസ് ഹാജരാക്കിയിട്ടില്ല. ഇൻവോയിസ് ഹാജരാക്കേണ്ടതാണ്. അത്‌വരെ 987691 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 3-5 സ്റ്റോക്ക് വിവരങ്ങൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

താഴെ പറയുന്ന വൗച്ചർകൾ പ്രകാരം വാങ്ങിയ ഇനങ്ങൾ സ്റ്റോക്കിലെടുത്തത് സംബന്ധിച്ച വിവരങ്ങൾ ഇൻവോയിസിൽ രേഖപ്പെടുത്തിയിട്ടില്ല. സാധനങ്ങൾ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ സ്റ്റോക്ക് രജിസ്റ്റർ ലഭ്യമാക്കേണ്ടതാണ്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തുക | വിവരണം |
|---|---|---|---|
| 1 | 21600510/11.11.16 | 20643 | തണ്ണീർതട ഡാറ്റബാങ്ക് പ്രിന്റിംഗ് ചാർജ് |
| 2 | 216005013/19.11.16 | 14000 | ഗ്രാമ പഞ്ചായത്ത് മീറ്റിംഗ് ഹാളിൽ 2000വാട്ട് ഇൻവേർട്ടർ സ്ഥാപിച്ചത് |
| 3 | 21600603/6.1.17 | 3540 | യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സ്റ്റോറിൽ നിന്നു 20 പാക്കറ്റ് A4 പേപ്പർ വാങ്ങിയത് |
| 4 | 21600614/10.1.17 | 12480 | ഗ്രാമ പഞ്ചായത്ത് ഓഫീസിലേക്ക് നോട്ട് കൗണ്ടിംഗ് മെഷിൻ വാങ്ങിയത് |
| 5 | 21600714/17.2.17 | 5000 | ഓഫീസിലേക്ക് തപാൽ സ്റ്റാമ്പ് വാങ്ങിയത് |
| 1 | 21600136/6.6.16 | 20000 | ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും സ്റ്റേഷനറി വാങ്ങിയത്. |
| 2 | 21600017/5.4.16 | 20046 | ,, |
| 3 | 21600744/1.3.17 | 3540 | യൂണിവേഴ്സിറ്റി കോപ്പറേറ്റീവ് സ്റ്റോറിൽ നിന്നു 20 പാക്കറ്റ് A4 പേപ്പർ വാങ്ങിയത് |

സ്റ്റോക്ക് വിവരങ്ങൾ ലഭ്യമല്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/6.10.17 -ന് മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. തുടർന്നു 7.10.15-ന് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 15-ൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടു.

വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്കെടുപ്പ്, സൂക്ഷിപ്പ്, വിതരണം എന്നിവ നിലവിൽ ഓഫീസ് ഉത്തരവ് വഴി ഏതെങ്കിലും സെക്ഷനെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിവരം ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ഫോമുകൾ, റജിസ്റ്ററുകൾ, സ്റ്റേഷനറി എന്നിവയുടെ നിലവിലെ സ്റ്റോക്ക് വിവരം 10.10.2017 ന് രാവിലെ 10 മണിക്ക് പരിശോധിക്കുന്നതാണ്.

10.10.2017- ന് ലഭിച്ചതും, സ്റ്റോക്കിലെടുത്തതും, വിതരണം ചെയ്തതും, ബാലൻസും കാണിക്കുന്ന സ്റ്റോക്ക് രജിസ്റ്ററോ, സ്റ്റോക്ക് ബാലൻസോ പരിശോധനക്ക് ലഭ്യമാക്കാനായില്ല. സ്റ്റോക്കെടുപ്പ്, സൂക്ഷിപ്പ്, വിതരണം എന്നിവ കൃത്യമായി മോണിറ്റർ ചെയ്യാത്തത് ഓഫീസ് തലവന്റെ ഭാഗത്ത് നിന്നുള്ള വീഴ്ചയാണ്. അപാകത പരിഹരിച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 3-6 വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1. വൗച്ചർ നമ്പർ 21600512/7.11.16 പ്രകാരം Electricity line extension generalഎന്ന ഹെഡിനെ ഡബിറ്റ് ചെയ്ത് 31025 രൂപയുടെ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ചെലവ് സംബന്ധിച്ച് മറ്റൊരു രേഖയും ലഭ്യമല്ല. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

2.കുഴൽക്കിണർ നിർമിക്കുന്നതിന് ഭൂജലസർവേ നടത്തുന്നതിനായി വൗച്ചർ നമ്പർ 21600613/10.1.17 പ്രകാരം 10500 രൂപയും വൗച്ചർ നമ്പർ 21600657/27.1.17 പ്രകാരം 3500 രൂപയും ഭൂജലവകുപ്പ് ജില്ലാ ഓഫീസർക്ക് നൽകിയിട്ടുണ്ട്. സർവേ റിപ്പോർട്ടും കുഴൽക്കിണർ നിർമ്മിക്കുന്നതിന് പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ലഭ്യമാക്കേണ്ടതാണ്. വിവരങ്ങൾ ലഭ്യമാക്കുന്നത് വരെ മേൽപ്പറഞ്ഞ പ്രകാരമുള്ള ആകെ ചെലവ് 45025 രൂപ തടസ്സം ചെയ്യുന്നു.

## 3-7 ഇ-ടെണ്ടർ: ഫോറം വില പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കൽ.

പള്ളിക്കൽ ഗ്രാമ പഞ്ചായത്തിൽ നാളിതു വരെ E-Tender ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ എക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതായി അസിസ്റ്റന്റ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്. തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടച്ചാൽ അക്കാര്യം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 ടാറിങ്ങ് പ്രവൃത്തികൾ : ബിൽ അപാകതകൾ

GO(P) No. 96/2016/Fin/15-7-16, LSGD ചീഫ് എഞ്ചിനിയരുടെ സർക്കുലർ നം. DB3/6512(B)/2013/CE/LSGD/1-9-2016 എന്നിവ പ്രകാരം ടാറിങ്ങ് പ്രവൃത്തികൾക്ക് ടാർ വില അനുവദിക്കുന്നതിന് ഒറിജിനൽ പർച്ചേസ് ബിൽ ഹാജരാക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. എന്നാൽ തൻവർഷം ചെയ്ത ടാറിങ്ങ് പ്രവൃത്തികളുടെ ഫയലിൽ VG30, SS-1, RS-1 എന്നീ എല്ലാ ഇനം ടാറിന്റെയും ബില്ലുകൾ ചേർത്തിട്ടില്ല. ഒരു ബില്ലിലൂടെ വാങ്ങിയ ടാർ വിവിധ പ്രവൃത്തികൾക്കുള്ളതാണെന്ന് വിശദീകരിച്ചിട്ടുള്ളതിനാൽ, അവയുടെ വ്യക്തമായ സ്റ്റോക്ക് -ഇഷ്യൂ വിവരങ്ങൾ ബില്ലിലും, രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും, പകർപ്പ് പ്രവൃത്തികളുടെ ഫയലിൽ ചേർക്കേണ്ടതുമാണ് എന്നാവശ്യപ്പെട്ട ഓഡിറ്റ് എൻക്വയറി നല്കിയതിന്റെ അടിസ്ഥാനത്തിൽ ബില്ലുകൾ ഹാജരാക്കി. എന്നാൽ വ്യത്യസ്ത പ്രവൃത്തികൾക്ക് ഒരേ ബില്ലിലൂടെ ടാറുല്പന്നങ്ങൾ വാങ്ങിയിട്ടുള്ളതിനാലും, അവയിൽ പല പ്രവൃത്തികളുടെയും ബില്ലുകൾ ഓഡിറ്റ് വർഷം പണം മാറിയിട്ടില്ലാത്തതിനാലും, ഇവയുടെ വ്യക്തമായ ഒരു സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കേണ്ടതുണ്ട്. ആയത് തയ്യാറാക്കി അടുത്ത ഓഡിറ്റ് വേളയിൽ ഹാജരാക്കേണ്ടതാണ്.

## 3-9 നിർവഹണ ഉദ്യോഗസ്ഥരുടെ രജിസ്റ്ററുകളിലെ അപാകതകൾ

നിർവഹണ ഉദ്യോഗസ്ഥരായ വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനിയർ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ തുടങ്ങിയവർ TR 7A കാഷ് ബുക്ക് ഉപയോഗിക്കുന്നില്ല. എന്നാൽ ടി ഉദ്യോഗസ്ഥർക്ക് ഉപയോഗിക്കാനായി ഗ്രാമ പഞ്ചായത്ത് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്നും വാങ്ങിയ നോട്ട്ബുക്ക് നല്കിയതായി കാണുന്നു. ഇതിനു പകരം TR 7A കാഷ് ബുക്ക് നല്കേണ്ടതായിരുന്നു.

അതു പോലെ, ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ ഉപയോഗത്തിനായി ഗ്രാമലക്ഷ്മി മുദ്രാലയം തയ്യാറാക്കിയ തൊഴിൽ നികുതി 18-ാം ചട്ട പ്രകാരമുള്ള ഫോറം V ലുള്ള രജിസ്റ്റർ, കണ്ടിജന്റ് ചെലവുകളുടെ രജിസ്റ്റർ, അജണ്ട രജിസ്റ്റർ, Register of Implementing officer wise allotment & utilisation of funds തുടങ്ങിയവ വി. ഇ.ഒ. യുടെ ഉപയോഗത്തിനായി നല്കിയതായും കാണുന്നു. ഇത്തരത്തിൽ രജിസ്റ്ററുകൾ ദുരുപയോഗം ചെയ്യുന്ന നടപടി ഒഴിവാക്കേണ്ടതാണ്. ഇതിനിടവരുത്തുന്ന വിധം, ആവശ്യകത ശരിയായി കണക്കാക്കാതെ രജിസ്റ്ററുകൾ വാങ്ങുന്ന സെക്രട്ടറിയുടെ നടപടി തീർത്തും ക്രമവിരുദ്ധമാണ്.

നിശ്ചിത രജിസ്റ്ററുകൾ മാത്രം ഉപയോഗത്തിനായി നല്കുകയും, രജിസ്റ്ററുകളുടെ ദുരുപയോഗം ഒഴിവാക്കുകയും ചെയ്യാൻ സെക്രട്ടറി നടപടി സ്വീകരിക്കുകയും, ഉദ്യോഗസ്ഥർ രജിസ്റ്ററുകൾ നിയമാനുസൃതം കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. (നിലവിൽ വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനിയർ തുടങ്ങിയവർ കാഷ് ബുക്ക് കൈകാര്യം ചെയ്യുന്നത് ക്രമത്തിലല്ല.)

ഇക്കാര്യത്തിൽ, നിലവിൽ ഈ അപാകതകൾ തുടരാതെ പരിഹരിച്ചതായുള്ള റിപ്പോർട്ട് വി.ഇ.ഒ, അസിസ്റ്റന്റ് എഞ്ചിനിയർ, സെക്രട്ടറി എന്നിവരിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
(ഓഡിറ്റ് സമാപന ദിവസം നടത്തിയ മീറ്റിംഗിൽ, ഇത്തരം അപാകതകൾ ഉടൻ പരിഹരിക്കണമെന്ന നിർദേശം പ്രസിഡന്റും ഭരണസമിതിയും ബന്ധപ്പെട്ടവർക്ക് നല്കിയിട്ടുമുണ്ട്.)

## 3-10 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതികളിലെ അപാകതകൾ

2016-17 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ, നടപ്പാക്കിയ പദ്ധതികളിലെയും, പൊതുവായതുമായ അപാകതകൾ താഴെ ചേർക്കുന്നു.

1) അസിസ്റ്റന്റ് എഞ്ചിനിയർ കാര്യാലയത്തിൽ ഉപയോഗിക്കുന്ന രജിസ്റ്ററുകളിൽ പലതും നിർദ്ദിഷ്ട മാതൃകയിലല്ല. കാഷ് ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ എന്നിവ നോട്ട് ബുക്കിലാണ് എഴുതി വരുന്നത്. TR7A കാഷ് ബുക്ക്, എഗ്രിമെന്റ് രജിസ്റ്റർ, മറ്റു നിയമാനുസൃത രജിസ്റ്ററുകൾ എന്നിവ സെക്രട്ടറിയോട് രേഖാമൂലം ആവശ്യപ്പെട്ട് അച്ചടിച്ച രജിസ്റ്ററുകൾ ഉപയോഗിക്കേണ്ടതാണ്. മിക്ക രജിസ്റ്ററുകളും ഗ്രാമലക്ഷ്മി മുദ്രാലയം അച്ചടിക്കുന്നുണ്ടെന്നതിനാൽ, അച്ചടിച്ച രജിസ്റ്ററുകൾ തന്നെ ഉപയോഗിക്കേണ്ടതാണ്.

2) കാഷ് ബുക്കിൽ അസിസ്റ്റന്റ് എഞ്ചിനിയർ ഒപ്പു വയ്ക്കുന്നില്ല. രജിസ്റ്ററുകളും രേഖകളും നിയമാനുസൃതം പരിപാലിക്കേണ്ടതാണ്.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. തൻവർഷം ഉണ്ടാക്കിയതും, വികസിപ്പിച്ചതുമായ ആസ്തികളുടെ വിവരങ്ങൾ ഒന്നും ചേർത്തു കാണുന്നില്ല. ഓരോ വർഷത്തിലും ഈ രജിസ്റ്റർ പുതുക്കേണ്ടതാണ്.

4) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തികളുടെ പൂർത്തീകരണ തിയ്യതി രേഖപ്പെടുത്തേണ്ട കോളത്തിൽ യാതൊന്നും രേഖപ്പെടുത്തുന്നില്ല. ഇതു ക്രമവിരുദ്ധമായ നടപടിയാണ്.

5) സർക്കാർ ഓഫീസുകളിൽ ഫയൽ വിവരങ്ങൾ രേഖപ്പെടുത്തുവാൻ പേഴ്സണൽ രജിസ്റ്റർ ഉപയോഗിക്കേണ്ടതാണെങ്കിലും അസിസ്റ്റന്റ് എഞ്ചിനിയർ കാര്യാലയത്തിൽ ടി രജിസ്റ്റർ ഉപയോഗിക്കുന്നില്ല. ഇതു കാരണം പല ഫയലുകളുടെയും പൂർണ്ണമായ വിവരങ്ങൾ ലഭിക്കുന്നില്ല. തൻവർഷം വി.ഇ.ഒ. നടപ്പാക്കിയ ഭവന പുനരുദ്ധാരണ പ്രൊജക്ടുകൾക്ക് ഓവർസിയർ നല്കിയ മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിൽ യാതൊരു നമ്പരും രേഖപ്പെടുത്താത്തത് ഇതിന് ഉദാഹരണമാണ്. പേഴ്സണൽ രജിസ്റ്ററടക്കം, ചീഫ് എഞ്ചിനീയർ നിർദ്ദേശിച്ച എല്ലാ രജിസ്റ്ററുകളും തയ്യാറാക്കേണ്ടതാണ്.

6) അളവു പുസ്തകങ്ങളിൽ ചെയിനേജ്, ലാൻഡ് മാർക്ക് എന്നിവ രേഖപ്പെടുത്താത്തത് കാരണം, സ്ഥല പരിശോധനാ സമയത്ത് പ്രവൃത്തി നടന്ന സ്ഥലം വ്യക്തമായി കാണിക്കാൻ നിർവഹണ ഉദ്യോഗസ്ഥനു പോലും കഴിഞ്ഞിട്ടില്ല. ടി അപാതക പരിഹരിക്കുന്ന വിധത്തിൽ അളവു പുസ്തകങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതാണ്.

അപാകതകൾ പരിഹരിക്കുന്നതാണെന്ന് വിശദീകരണം ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം അടുത്ത ഓഡിറ്റിൽ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## 3-11 ആസ്തികൾ പ്രയോജനപ്പെടുത്തുന്നില്ല.

ഗ്രാമ പഞ്ചായത്ത് മുൻവർഷങ്ങളിൽ നിർമ്മിച്ച പല കെട്ടിടങ്ങളും യാതൊരു വിധത്തിലും പ്രയോജനപ്പെടുത്താതെ കിടക്കുന്നതായി കാണുന്നു. പഞ്ചായത്ത് കാര്യാലയം പ്രവർത്തിക്കുന്ന കെട്ടിടത്തിലെ 2 മുറികളിൽ നിന്നും ന്യൂട്രിമിക്സ് യൂണിറ്റിനു നല്കിയ കെട്ടിടത്തിൽ നിന്നും മാത്രമാണ് വാടക വരുമാനമുള്ളത്. മുൻവശത്തുള്ള, ലൈബ്രറി പ്രവർത്തിക്കുന്ന കെട്ടിടം, കുന്നുൾമാടിലെ പി.എച്ച്.സി യുടെ ഭാഗമായുള്ള കെട്ടിടങ്ങൾ, പുളിയമ്പറമ്പിലെ കയർ ഫാക്ടറിക്കു വേണ്ടി നിർമ്മിച്ച കെട്ടിടം, ആസ്തി രജിസ്റ്റർ (ഫാറം 1) ഭൂമി (എ) മാർക്കറ്റുകൾ പ്രകാരമുള്ള 6 സെന്റുള്ള മത്സ്യ മാർക്കറ്റ്, (എഫ്) മറ്റുള്ളവ എന്നതിൽ ക്രമ നം. 2 ആയി രേഖപ്പെടുത്തിയ ഫുഡ് പ്രൊസസിംഗ് യൂണിറ്റിലെ കെട്ടിടം, (ഇ) മറ്റുള്ളവ എന്നതിൽ ക്രമ നം. 26 ആയി രേഖപ്പെടുത്തിയ കുമ്മനാട്ടു വളപ്പ് വ്യവസായ കേന്ദ്രത്തിലെ കെട്ടിടം, സ്രാമ്പ്യ ബസാർ, പുത്തൂർ പള്ളിക്കൽ തുടങ്ങിയ സ്ഥലങ്ങളിലെ സാംസ്കാരിക നിലയങ്ങൾ എന്നിവയിൽ നിന്നൊന്നും യാതൊരു വരവും ഉള്ളതായി കാണുന്നില്ല.

ഇതേ സമയം, പഞ്ചായത്തിന്റെ ഒരു നിർവഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ പ്രവർത്തനത്തിനായി മുറി അനുവദിച്ചിട്ടുമില്ല.

അപാകതകൾക്ക് ഓഡിറ്റ് എൻക്വയറി നം.26 /10-10-17 പ്രകാരം വിശദീകരണം ആരാഞ്ഞെങ്കിലും ലഭിച്ചിട്ടില്ല. ഓഡിറ്റ് സമാപന യോഗത്തിൽ ഇക്കാര്യത്തിൽ നടപടികൾ എടുത്തു വരുന്നതായി വിശദീകരിക്കുകയുണ്ടായി. ഇവ പ്രയോജനപ്പെടുത്തിയ വിവരം ലഭ്യമാക്കേണ്ടതാണ്.

## 3-12 ISO സർട്ടിഫിക്കേഷൻ പുതുക്കൽ പാഴ്ച്ചെലവായി

പ്രൊജക്ട് നം.50/17 : ISO സർട്ടിഫിക്കേഷൻ റിന്യൂവൽ

വൗച്ചർ നം. 21600615/11-1-17 Rs. 17,250

ടി വൗച്ചർ പ്രകാരം 17,250 രൂപ മുടക്കി ISO സർട്ടിഫിക്കേഷൻ പുതുക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ ചുറ്റുപാടും കാടുപിടിച്ച് കിടക്കുന്നതായി കാണുന്നു. കേടുവന്നതും ഉപയോഗശൂന്യമായതുമായ കാർപെറ്റുകൾ, ഫർണിച്ചർ തുടങ്ങിയവ ഓഫീസ് കെട്ടിടത്തിനകത്ത് പലയിടത്തായി അലക്ഷ്യമായി കിടക്കുന്നതായും കാണുന്നു. കൂടാതെ, പഞ്ചായത്ത് ലൈബ്രറി തുറന്നു പ്രവർത്തനം നടത്തുന്നതായി കാണുന്നുമില്ല. ഇത്തരത്തിൽ പ്രവർത്തനം നടത്തുന്ന ഒരു ഓഫീസ് ISO സർട്ടിഫിക്കേഷനു വേണ്ടി തുക ചെലവഴിക്കുന്നത് പാഴ്ച്ചെലവായി കണക്കാക്കുന്നു.

ഇക്കാര്യത്തിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറി നം.27 /10-10-17-ന് മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് സമാപന യോഗത്തിൽ, ലൈബ്രറി പ്രവർത്തനം കാര്യക്ഷമമാക്കുമെന്നും, ഓഫീസ് പരിസരം വൃത്തിയായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. ലൈബ്രറി കാര്യക്ഷമമായി പ്രവർത്തിക്കുകയും, ഓഫീസും പരിസരവും വൃത്തിയാക്കുകയും ചെയ്യുന്നതു വരെ ISO സർട്ടിഫിക്കേഷനും, പാർട്-ടൈം ജീവനക്കാരുടെ ശമ്പളത്തിനുമുള്ള ചെലവുകൾ തടസ്സം ചെയ്യേണ്ട അവസ്ഥയാണുള്ളത്. എന്നാൽ, ഓഡിറ്റ് സമാപന യോഗത്തിലെ ഉറപ്പുകളുടെ അടിസ്ഥാനത്തിൽ, തുടർന്നുള്ള ഓഡിറ്റിൽ ഇക്കാര്യം നിരീക്ഷിക്കുന്നതാണ്.

## 3-13 ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകതൾ

1.വിജയഭേരി-അപാകതകൾ

പ്രൊ. നം. 87/17:വിജയഭേരി

ബിൽ നം.10/2016-17/31/03/2017 RS.36,000

വിജയഭേരി പദ്ധതി പ്രകാരം വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിങ്ങ് നൽകിയതിനു പ്രതിഫലമായി 36,000 രൂപ ചെലവഴിച്ചിട്ടുണ്ട്. സബ്സിഡി മാർഗരേഖ സ.ഉ (എം.എസ്)നം 4/2016/തസ്വഭവ തിയതി 11.01.2016 ഭാഗം 4 ഖണ്ഡിക 11.6(4) പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനാവശ്യമായ പരിപാടികൾ SSA/RMSA പ്രൊജക്ടിൽ ഉൾപ്പെടുത്തി നടപ്പാക്കാവുന്നതാണ് എന്നും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് നിബന്ധനകൾക്ക് വിധേയമായി പ്രത്യേക കോച്ചിങ്ങ് നൽകാവുന്നതാണ് എന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഇതിനു വിരുദ്ധമായി തുക ചെലവഴിച്ചതു സംബന്ധിച്ച് വിശദീകരണം നൽകേണ്ടതാണ്.

2. S S Aവിഹിതം നൽകൽ-അപാകതകൾ

പ്രൊ. നം. 88/17:S S Aവിഹിതം നൽകൽ

1.ബിൽ നം6/2016-17//23/01/17 RS.5,00,000

2.ബിൽ നം8/2016-17/23/03/17 RS.5,00,000

എസ്സ് എസ്സ് എ സമർപ്പിച്ച വിനിയോഗ സാക്ഷ്യപത്ര പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ 72.7806 ലക്ഷം രൂപയുടെ ചെലവുണ്ട് (ഗ്രാമ പഞ്ചായത്ത് വിഹിതമായി 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്.) ആയതിന്റെ ചെലവ് സംബന്ധിച്ച വിശദ വിവരം ലഭ്യമല്ല. റിപ്പോർട്ട് ലഭിക്കുന്ന മുറക്ക് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദ വിവരം അറിയിക്കേണ്ടതാണ്.

3. തുല്യതാ പഠിതാക്കൾക്ക് ഫീ നൽകൽ-അപാകതകൾ.

1.പ്രൊ. നം. 90/17: തുടർ സാക്ഷരത തുല്യത

ബിൽ നം.9/2016-17/31/03/2017 RS.60,000

പത്താം ക്ളാസ് തുല്യതാ കോഴ്സിൽ പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 60,000 രൂപയുടെ ചെലവുണ്ട്. പഠിതാക്കളുടെ വിശദ വിവരങ്ങളും രജിസ്ട്രേഷൻ ഫീസ് കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് അയച്ചു കൊടുത്തതു സംബന്ധിച്ചുള്ള കൈപ്പറ്റു രശീതും ലഭ്യമാക്കിയിട്ടില്ല. ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഠിതാക്കളുടെ വിശദ വിവരങ്ങളും രജിസ്ട്രേഷൻ ഫീസ് കേരള സ്റ്റേറ്റ് സാക്ഷരതാ മിഷൻ ഡയറക്ടർക്ക് അയച്ചു കൊടുത്തിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ചുള്ള കൈപ്പറ്റു രശീതും പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

4.സ്കൂളുകൾക്ക് പത്രങ്ങൾ നൽകൽ.

പ്രൊ. നം. 91/17:സ്കൂളുകൾക്ക് പത്രങ്ങൾ നൽകൽ.

ചെക്ക്നം.1823593 തിയതി 25.03.2017

സ്കൂളുകൾക്ക് പത്രങ്ങൾ നൽകൽ എന്ന പദ്ധതി ഇനത്തിൽ 1,00,000 രൂപയുടെ ചെലവുണ്ട്. ചെലവു സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമല്ല. വിവരങ്ങൾ ലഭിക്കുന്ന മുറക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം 20)

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനത്തിന്റെ പേര് | ലഭിച്ച തുക | പദ്ധതി നമ്പർ / പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | 77/2017 IEDS-സ്കോളർഷിപ്പ് | 87000 | 13000 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക്(Deposit Work) നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 16,41,485 |
| തൻവർഷം നിക്ഷേപിച്ച തുക | 1,60,045 |
| ആകെ | 18,01,530 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,01,530 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| FD No.0020140009476,പള്ളിക്കൽ സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് | 18,01,530 |
| ആകെ | 18,01,530 |

## 4-6 ഓഡിറ്റ് റിക്കവറി.

ഈയിനത്തിൽ 2016-17 വർഷത്തിൽ ലഭിച്ച 84,629/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം / ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 1979-1980 | 9(a),9(b),12(d), 30(i),30(z) | 637 | കെ.സി ഉണ്ണി(റിട്ട), എക്സിക്യൂട്ടീവ് ഓഫീസർ | 11604103057 dtd5/08/2016 |
| 1980-81 | 9(1),28 | 950 | ബാലകൃഷ്ണൻ നായർ, (റിട്ട),എക്സിക്യൂട്ടീവ് ഓഫീസർ | 11604103058 dtd5/08/2016 |
| 1982-83 | 9(a),9d(1),9d(2),11(1),19 | 82 | ബാലകൃഷ്ണൻ ,(റിട്ട),എക്സിക്യൂട്ടീവ് ഓഫീസർ | 11604103059 dtd5/08/2016 |
| 2015-16 | ഓഡിറ്റ് എൻക്വയറി-14 | 8433 | അസിസ്റ്റന്റ് എൻജിനീയർ | 11604103648 dtd30/08/2016 |

| | | | | |
|---|---|---|---|---|
| | തിയതി27-08-2016 | | പള്ളിക്കൽ | |
| 2015-16 | 3-10(1),3-10(2) | 74,527 | ചാൾസ് റാഫി,അസിസിറ്റന്റ് എൻജിനീയർ | 11604107467 dtd27/01/2017 |
| ആകെ | | 84,629 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 30 (1) | 2003-04 | 3-10-13 | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1998-99 | 38 (5), 45, 53 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |
| 1999-2000 | 40, 43 | 2003-04 | - | മറ്റ് പരാമർശങ്ങൾ | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 59420105 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 50020793 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 50,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1037191 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | ചാർജ്ജ് | സർചാർജ് | |
|---|---|---|---|
| 3-2 | - | 50,000 | ശ്രീ.ഉണ്ണി.കെ, അസിസ്റ്റന്റ് സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 4,475 | ശ്രീ. ഉണ്ണി കെ, അസിസ്റ്റന്റ് സെക്രട്ടറി |
| 3-5 | 9,87,691 | ശ്രീ. ഉണ്ണി കെ,സെക്രട്ടറി(ചാർജ്) |
| 3-6 | 31025 | ശ്രീ.അശോകൻ എ.സി, സെക്രട്ടറി |
| | 10500 | കെ.പി അനിൽ,സെക്രട്ടറി |
| | 3500 | കെ.പി അനിൽ,സെക്രട്ടറി |
| ആകെ | 1037191 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം-

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ-

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഉണ്ണി കെ, സെക്രട്ടറി | സെക്രട്ടറി, പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് | കരിപ്പത്ത് ഹൗസ്, നല്ലൂർ(പി.ഒ) ഫറോക്ക്. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 1966-67 | എൽ.എഫ്.എം07/1758/03 തി. 28.11.2003 | 03 | |
| 1969-70 | എൽ.എഫ്.എം07/1758/03 തി. 28.11.2003 | 02 | |
| 1974-75 | എൽ.എഫ്.എം09/1810/94 തി. 30.07.1994 | 08 | |
| 1977-78 | എൽ.എഫ്.എം09/1761/03 തി. 18.11.2003 | 02 | |
| 1979-80 | എൽ.എഫ്.എം07/1762/03 തി. 17.11.2003 | 05 | |
| 1980-81 | എൽ.എഫ്.എം07/1763/03 തി. 17.11.2003 | 02 | |
| 1981-82 | എൽ.എഫ്.എം07/1764/03 തി. 17.11.2003 | 02 | |
| 1982-83 | എൽ.എഫ്.എം07/1765/03 തി. 18.11.2003 | 15 | |
| 1983-84 | എൽ.എഫ്.എം07/1769/03 തി. 17.11.2003 | 04 | |
| 1984-85 | എൽ.എഫ്.എം07/1770/03 തി. 19.11.2003 | 09 | |
| 1985-86 | എൽ.എഫ്.എം09/1878/03 തി. 30.07.2004 | 10 | |
| 1986-87<br>87-88 | എൽ.എഫ്.എം07/1771/03 തി. 18.11.2003 | 07 | |
| 1990-91 | എൽ.എഫ്.എം07/1771/03 തി. 17.11.2003 | 26 | |
| 1991-92<br>92-93 | എൽ.എഫ്.എം07/1780/94 തി. 30.07.1994 | 09 | |
| 1993-94 | എൽ.എഫ്.എം07/1773/03 തി. 18.11.2003 | 14 | |
| 1996-97 | എൽ.എഫ്.എം07/659/01 തി. 06.07.2005 | 15 | |
| 1997-98 | എൽ.എഫ്.എം12/1466/01 തി. 18.11.2003 | 31 | |

| | | | |
|---|---|---|---|
| 1998-99 | എൽ.എഫ്.എം07/1467/01 തി. 18.02.2005 | 31 | |
| 1999-00 | എൽ.എഫ്.എം07/1766/03 തി. 18.01.2003 | 18 | |
| 2000-01 | എൽ.എഫ്.എം07/1878/05 തി. 29.09.2006 | 20 | |
| 2001-02 | എൽ.എഫ്.എം14/744/06 തി. 26.09.2006 | 15 | |
| 2002-03 | എൽ.എഫ്.എം14/567/08 തി. 18.12.2008 | 05 | |
| 2003-04 | എൽ.എഫ്.എം14/568/08 തി. 18.12.2008 | 13 | |
| 2004-05 | എൽ.എഫ്.എം14/1789/08 തി. 04.03.2009 | 02 | |
| 2005-06 | എൽ.എഫ്.എം14/1777/08 തി. 14.03.2009 | 03 | |
| 2006-07 | എൽ.എഫ്.എം14/1652/09 തി. 09.06.2010 | 10 | |
| 2007-08 | എൽ.എഫ്.എം06/807/12 തി. 06.06.2012 | 28 | |
| 2008-09 | എൽ.എഫ്.എം06/808/12 തി. 06.06.2012 | 26 | |
| 2009-10 | എൽ.എഫ്.എം06/809/12 തി. 06.06.2012 | 21 | |
| 2010-11 | എൽ.എഫ്.എം06/791/13 തി. 12.06.2013 | 18 | |
| 2011-12<br>12-13 | എൽ.എഫ്.എം06/1613/14 തി. 08.10.14 | 16 | |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം06/1897/15 തി. 10.9.15 | 14 | |
| 2015-16 | കെ.എസ്.എ.എം.പി.എം06/1897/15 തി. 10.9.15 | 15 | |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# Annexure 1

# AUDIT CERTIFICATE.

KSA-MPM.26/2286/2017

Kerala State Audit Department

District Audit Office, Malappuram

PIN- 676 505 Phone: 0483 2734951

Email- dompm.ksad@kerala.gov.in

Dated. 14-11-17

CERTIFICATE

Certified that I have examined the Annual Financial Statement of Pallikkal Grama Panchayat in Malappuram District for the year 2016-17 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion the Financial Statements of Pallikkal Grama Panchayat for the year 2016-17 except the observations in my audit report properly present the picture of income and expenditure.

DEPUTY DIRECTOR

MALAPPURAM.

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-എം.പി.എം.26/2286/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

പിൻ- 676 505 ഫോൺ: 0483 2734951

ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി 14-11-2017

സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ്

സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമപഞ്ചായത്തിൻെറ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പള്ളിക്കൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

മലപ്പുറം.